ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:22.05.2026

## പ്രധാനവാർത്തകൾ

1. പതിനാറാം നിയമസഭയുടെ സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. ഗവർണറുടെ നയപ്രഖ്യാപനത്തിനായി ഈ മാസം 29 - ന് സഭ വീണ്ടും ചേരും.
2. പത്ത് സംസ്ഥാനങ്ങളിലെ ഒഴിവു വരുന്ന 24 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്ത മാസം 18 ന്.
3. എറണാകുളം കിഴക്കമ്പലം ഭൂമി ഒഴിപ്പിക്കൽ വിഷയത്തിൽ കൂടുതൽ സാവകാശം തേടി സംസ്ഥാന സർക്കാർ കോടതിയെ സമീപിക്കും.
4. ഐആർസിടിസിയുടെ ഗോൾഡൻ ചാരിയറ്റ് ആഡംബര ട്രെയിൻ പാക്കേജിൽ ഇടം നേടി കൊച്ചി.
5. സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം കൂടി മഴ തുടരും. ആലപ്പുഴ ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദേശം.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരു പോരാട്ടം..

RNU TVM

**നിയമസഭാ സ്പീക്കർ (ഇൻട്രോ)**

പതിനാറാം നിയമസഭയുടെ സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. സ്പീക്കർ തിരഞ്ഞെടുപ്പിന് ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി ........***

*(വോയിസ്)*

നിയമസഭ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണനെ ലോക്സഭാ സ്പീക്കർ ഓം ബിർള അഭിനന്ദിച്ചു.

RNU TVPM

**നിയമസഭാ സമ്മേളനം**

ജൂൺ മൂന്നു വരെയാണ് പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനം. നാളെ മുതൽ ഈ മാസം 28 വരെ സഭ സമ്മേളനം ഉണ്ടായിരിക്കില്ല. ഈ മാസം 29-നാണ് ഗവർണറുടെ നയപ്രഖ്യാപനം. ജൂൺ ഒന്ന് മുതൽ മൂന്നു വരെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് മേലുള്ള നന്ദി പ്രമേയ ചർച്ച സഭയിൽ നടക്കും. അടുത്ത മാസം ഒന്നിനാണ് ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്.

## രാജ്യസഭാ തെരഞ്ഞെടുപ്പ്

പത്ത് സംസ്ഥാനങ്ങളിൽ ഒഴിവ് വരുന്ന 24 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് ജൂൺ 18ന് നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെണ്ണലും അന്നേദിവസം നടക്കും. മുൻ പ്രധാനമന്ത്രി എച്ച്. ഡി. ദേവഗൗഡ, കേന്ദ്രമന്ത്രിമാരായ ജോർജ് കുര്യൻ, രവ്നീത് സിംഗ് എന്നിവരും കാലാവധി പൂർത്തിയാക്കുന്ന രാജ്യസഭാ അംഗങ്ങളിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം അടുത്ത മാസം ഒന്നിന് പുറപ്പെടുവിക്കും. ഇതിനുപുറമെ, മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും ഒഴിവ് വരുന്ന ഒരോ രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പും അടുത്ത മാസം 18 -ന് നടക്കും.

RNU TVPM

## ഭൂമി ഒഴിപ്പിക്കൽ

എറണാകുളം കിഴക്കമ്പലം ഭൂമി ഒഴിപ്പിക്കൽ വിഷയത്തിൽ പ്രതിഷേധം തുടരുന്നു. നടപടികൾ നാളെ പൂർത്തിയാക്കണമെന്നാണ് പെരുമ്പാവൂർ മുൻസിഫ് കോടതിയുടെ ഉത്തരവ്. ഇക്കാര്യത്തിൽ കൂടുതൽ സാവകാശം തേടി കോടതിയെ സമീപിക്കാനൊരുങ്ങുകയാണ് സംസ്ഥാന സർക്കാർ. ഉന്നതവിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ, പ്രദേശത്തെ എം.എൽ.എ, വി.പി. സജീന്ദ്രൻ എന്നിവരെ

വിഷയത്തിൽ ചർച്ച നടത്താൻ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**എബോള - യോഗം**

ആഫ്രിക്കൻ രാജ്യങ്ങളായ ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്ക് ഓഫ് കോംഗോ, യുഗാണ്ട, സൗത്ത് സുഡാൻ എന്നിവിടങ്ങളിലെ എബോള സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തും ജാഗ്രത ശക്തമാക്കി. ആരോഗ്യമന്ത്രി കെ. മുരളീധരൻറെ അദ്ധ്യക്ഷതയിൽ സംസ്ഥാന ദ്രുതകർമ്മ സമിതി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ഇന്ത്യയിൽ രോഗം റിപ്പോർട്ട് ചെയ്യിട്ടില്ലെങ്കിലും മുന്നോരുക്കങ്ങളുടെ ഭാഗമായാണ് യോഗം ചേർന്നത്. സംസ്ഥാനത്തെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും, 2 തുറമുഖങ്ങളിലും എത്തുന്ന യാത്രക്കാരുടെ പരിശോധനയും ആവശ്യമായവർക്ക് ഐസൊലേഷൻ സൗകര്യത്തോട് കൂടിയുള്ള തീവ്രപരിചരണ സംവിധാനങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മനുഷ്യകടത്ത്**

എറണാകുളം മനുഷ്യക്കടത്ത് കേസിൽ ഒരു പ്രതിയെ കൂടി പോലീസ് അറസ്റ്റ് ചെയ്യു. മാവേലിക്കര സ്വദേശി ബിലാൽ എന്ന ശ്രീകുമാറാണ് മരട് പോലീസിൻ്റെ

പിടിയിലായത്. അതിനിടെ, കേസിലെ ഒന്നാം പ്രതി സിന്ധുവിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. വാഗ്ദാനങ്ങൾ നൽകി ദുബൈയിലെത്തിക്കുന്ന യുവതികളെ രഹസ്യകേന്ദ്രത്തിലെത്തിച്ച് മയക്കുമരുന്ന് ബലമായി നൽകി പീഡിപ്പിക്കുകയായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**ജൈവവൈവിധ്യ ദിനം.**

അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനത്തോട് അനുബന്ധിച്ച് ഇന്ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല ശില്പശാല മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യും. "മാതൃകാ ജൈവവൈവിധ്യ സൗഹൃദ ഗ്രാമങ്ങൾ" എന്ന സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ പുതിയ പദ്ധതിക്ക് അദ്ദേഹം തുടക്കം കുറിക്കും. **'പ്രാദേശിക പ്രവർത്തനങ്ങൾ, ആഗോള പ്രതിഫലനം'** - എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം.

❁❁❁❁❁❁❁❁❁❁❁❁❁

**പിഎം-സൈപ്രസ്**

സൈപ്രസ് പ്രസിഡൻറ് നിക്കോസ് ക്രിസ്റ്റോ - ഡുലീഡസ്, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ബഹുരാഷ്ട്ര വേദികളിലെ സഹകരണം ഉൾപ്പെടെ പ്രാദേശികവും

RNU TVPM

ആഗോള പ്രാധാന്യവുമുള്ള വിഷയങ്ങൾ ഇരുവരും ചർച്ച ചെയ്യും. ചർച്ചകൾക്ക് ശേഷം നിരവധി കരാറുകളിലും ഒപ്പുവയ്ക്കും. രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായും സൈപ്രസ് പ്രസിഡന്റ് ഇന്ന് വൈകുന്നേരം കൂടിക്കാഴ്ച നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## യു.പി.എസ്.സി

UPSC സിവിൽ സർവ്വീസ് പ്രാഥമിക പരീക്ഷ മറ്റന്നാൾ നടക്കും. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലായി ക്രമീകരിച്ചിട്ടുള്ള വിവിധ കേന്ദ്രങ്ങളിലായി ഏകദേശം 21,000 ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതും. രാവിലെ 9.30 മുതൽ 11.30 വരെയും, ഉച്ചയ്ക്ക് ശേഷം 2.30 മുതൽ 4.30 വരെയുമാണ് പരീക്ഷ.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഗോൾഡൻ ചാരിയറ്റ്

2026-27 വിനോദസഞ്ചാര കാലം ലക്ഷ്യമിട്ട്, നവീകരിച്ച ഗോൾഡൻ ചാരിയറ്റ് ആഡംബര ട്രെയിൻ അവതരിപ്പിക്കുമെന്ന് ഇന്ത്യൻ റെയിൽവേ. ദക്ഷിണേന്ത്യയുടെ സാംസ്കാരിക പൈതൃകവും പ്രകൃതിദൃശ്യങ്ങളും പ്രദർശിപ്പിക്കുന്നതിനൊപ്പം ആധുനിക സൗകര്യങ്ങളും സംയോജിപ്പിച്ച് പുതുക്കിയ രൂപത്തിലാണ് ഗോൾഡൻ ചാരിയറ്റ്,

തിരിച്ചെത്തുന്നതെന്ന് IRCTC അറിയിച്ചു. 40 ക്യാബിനുകളിലായി 80 പേർക്ക് യാത്ര ചെയ്യാൻ കഴിയും. 'ജ്യൂവൽസ് ഓഫ് സൗത്ത് പാക്കേജിൽ കൊച്ചിയും ഉൾപ്പെട്ടിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ-കേരളം**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം കൂടി മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴയിൽ ചിലയിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ദുരന്തസാധ്യത പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കാനും നിർദേശം നൽകിയിട്ടുണ്ട്. മണിക്കൂറിൽ 55 കിലോമീറ്റർ വേഗതയിൽ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ അറബിക്കടലിൻറെ തെക്കു - കിഴക്കൻ ഭാഗത്തും തമിഴ്നാട് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**കൊട്ടിയൂർ (ഇൻട്രോ)**

RNU TVPM

കണ്ണൂരിൽ വിവിധ ദേശങ്ങളെ കൂട്ടിയോജിപ്പിക്കുന്ന കൊട്ടിയൂർ വൈശാഖ മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ഈ മാസം 28ന് നെയ്യാട്ടത്തോടെ ഉത്സവത്തിന് തുടക്കമാകും.

***ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി***

***കെ ഒ ശശിധരൻ തയ്യാറാക്കി റിപ്പോർട്ട്............***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**പ്രവേശനോത്സവം**

സംസ്ഥാനതല സ്കൂൾ പ്രവേശനോത്സവം ജൂൺ 1 രാവിലെ 9 മണിക്ക് തിരുവനന്തപുരം പട്ടം ഗവ. മോഡൽ ഗേൾസ് എച്ച്.എസ്.എസ്സിൽ നടക്കും. പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും. വിദ്യാഭ്യാസ മന്ത്രി എൻ. ഷംസുദ്ദീൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ. മുരളീധരൻ, സി.പി. ജോൺ എന്നിവരും പങ്കെടുക്കും.

❋❋❋❋❋❋❋❋❋❋❋❋❋

**കണ്ണൂർ സർവകലാശാല**

കണ്ണൂർ സർവകലാശാല വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന അപകട ഇൻഷുറൻസ് പദ്ധതിക്ക് തുടക്കമായി. വൈസ് ചാൻസലർ കെ.കെ സാജു

RNU TVPM

ഉദ്ഘാടനം ചെയ്യും. കണ്ണൂർ കാസർഗോഡ് വയനാട് ജില്ലകളിലെ സർവകലാശാലയ്ക്ക് കീഴിലെ കോളേജുകളിൽ പഠിക്കുന്ന 17,343 വിദ്യാർത്ഥികളാണ് പദ്ധതിയിൽ അംഗമാകുന്നത്. 60 രൂപ പ്രീമിയം നിരക്കിൽ 5 ലക്ഷം രൂപയാണ് പോളിസി തുക.

❋❋❋❋❋❋❋❋❋❋❋❋❋

**മലപ്പുറം -ഫുട്ബോൾ(ഇൻട്രോ)**

കാൽ പന്താരാധകർ കാത്തിരിക്കുന്ന ലോകകപ്പ് ഫുട്ബോളിൻറെ കിക്കോഫിന് ഇനി 20 ദിവസം മാത്രം. കാൽപന്ത് കളിയുടെ ആവേശത്തിൻ്റെ അലയൊലികൾ കേരളത്തിലും പ്രകടമായി തുടങ്ങി.

***ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.........***

***(വോയിസ്)***

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് - റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. രാത്രി 7.30ന് ഹൈദരാബാദിലാണ് മത്സരം.

❋❋❋❋❋❋❋❋❋❋❋❋❋

## സെൻസസ് - ആലപ്പുഴ

ജൂലൈ ഒന്ന് മുതൽ ആരംഭിക്കുന്ന സെൻസസ് 2027 ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് ട്രെയിനർമാരുടെ രണ്ടാം ബാച്ചിന്റെ ആലപ്പുഴ ജില്ലാതല പരിശീലനം ആരംഭിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലന പരിപാടി എഡിഎം, ബി.ജ്യോതി ഉദ്ഘാടനം ചെയ്തു. നാളെ വരെയാണ് പരിശീലനം. രണ്ട് ബാച്ചുകളിലായി ആകെ 76 പേർക്കാണ് പരിശീലനം നൽകുന്നത്.

## എസ്.എസ്.എൽ.സി

SSLC, THSLC, AHSLC എന്നീ പരീക്ഷാ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടണി എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കാൻ ഇന്ന് കൂടി അവസരം. വൈകിട്ട് 4 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾ pareekshabhavan.kerala.gov.in ൽ ലഭ്യമാണ്.

RNU TVPM

RNU TVPM